Malappuram District Police

## 21.09.2017 മഞ്ചേരി

ആറുലക്ഷം രൂപയുടെ കള്ളനോട്ടുമായി മൂന്നു പേർ മഞ്ചേരിയിൽ പിടിയിലായി. മണ്ണാർക്കാട് നായാടിക്കുന്ന് ലക്ഷംവീട് കോളനിയിൽ പിലാക്കൽ മുഹമ്മദ് ഷെരീഫ് (35), മണ്ണാർക്കാട് കർക്കടകംകുന്ന് ഷബീറലി (36), കൊയിലാണ്ടി വടക്കേകുനി ഹൗസിൽ സക്കറിയ (39) എന്നിവരെയാണ് മഞ്ചേരി പോലീസ് അറസ്റ്റ് ചെയ്തത്. 2000 രൂപയുടെ കള്ളനോട്ടുകളാണ് ഇവരിൽ നിന്ന് കണ്ടെടുത്തത്. കച്ചേരിപ്പടി ചെങ്ങണ ബൈപ്പാസിൽ പണം കൈമാറാൻ എത്തിയപ്പോഴാണ് ഇവർ പിടിയിലായത്. ഒരു ലക്ഷം രൂപ വാങ്ങി രണ്ട് ലക്ഷം രൂപയുടെ കള്ളനോട്ടുകൾ കൈമാറ്റം നടത്തുകയാണ് രീതിയെന്ന് പിടിയിലായവർ സമ്മതിച്ചിട്ടുണ്ട്. ഇത്തരത്തിൽ മൂന്ന് ലക്ഷം രൂപയുടെ കൈമാറ്റത്തിനാണ് ഇവർ മഞ്ചേരിയിലെത്തിയത്. മൂന്ന് പേരും പിടിയിലായതോടെ യഥാർത്ഥ നോട്ടുകളുമായി എത്തിയവർ രക്ഷപ്പെട്ടു. ഇവരെ സംബന്ധിച്ച് വിവരം ലഭിച്ചിട്ടുണ്ട്.

മഞ്ചേരി സി.ഐ. എൻ.ബി. ഷൈജു, എസ്.ഐ. റിയാസ് ചാക്കീരി, അബ്ദുറഹ്മാൻ, ഫക്രുദീൻ, എം. സത്യനാഥൻ, അബ്ദുൾ അസീസ്, ശശി, ഉണ്ണികൃഷ്ണൻ മാരാത്ത്, പി. സഞ്ജീവ്, സലീം എന്നിവരാണ് അന്വേഷണസംഘത്തിലുണ്ടായിരുന്നത്.